സംശയിക്കുന്നുണ്ട്. 190-ഓളം ആളുകളെ ഇതിനകം ചോദ്യം ചെയ്തുകയുണ്ടായി. ഹിംഗർ പ്രിന്റ് ബ്യൂറോയിൽ ചില ആളുകളുടെ വിരലടയാളമുൾപ്പെടെ പരിശോധിച്ച് വരികയാണ്. എ.ഡി.ജി.പി ശ്രീ. അനന്തകൃഷ്ണനോട് പേഴ്സണലായി ഇത് അന്വേഷിച്ച് കണ്ടെത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ. കഴിഞ്ഞ തവണ ഈ വിഷയം ഉന്നയിച്ചിരുന്നു. തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. അന്വേഷിച്ച് എത്രയുംവേഗം നടപടി സ്വീകരിക്കുന്നതാണ്.

8. കായിക സർവ്വകലാശാല

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, സംസ്ഥാനത്ത് ഒരു കായിക സർവ്വകലാശാല തുടങ്ങേണ്ട ആവശ്യകതയിലേയ്ക്കാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്ന് സ്പോർട്സിന്റെ കാലഘട്ടമാണ്. ചെറുപ്പക്കാർ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് സ്പോർട്സിലാണ്. ലോകകപ്പ് ഫുട്ബോളിനെ നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ ആസ്വദിക്കുകയല്ല, ആഘോഷിക്കുകയായിരുന്നുവെന്നത് അതിന് ഏറ്റവും വലിയ ഉദാഹരണമാണ്. കേരളത്തിൽ നാഷണൽ ഗെയിംസ് നടക്കാൻ പോകുകയാണ്. ഇന്ത്യൻ കായിക മുന്നേറ്റത്തിന്റെ അക്ഷയഖനി കേരളമാണ്. സ്പോർട്സിൽ, പ്രത്യേകിച്ച് അത് ട്രാക്കിൽ തിളങ്ങിനിൽക്കുന്നത് കേരളത്തിന്റെ യൗവ്വനമാണ്. എന്നിട്ടും പുരുമക്കാർക്ക് ശരീരബലത്തോടും ആത്മബലത്തോടും ഈ രംഗത്തേയ്ക്ക് കടന്നുവരാനുള്ള സാഹചര്യമില്ല. കൃത്യമായ ആസൂത്രണം, നൂതനമായ പരിശീലന സങ്കേതങ്ങൾ എന്നിവ രാജ്യത്തെ കായിക വ്യവസ്ഥയ്ക്ക് നിർണ്ണായകമാണ്. ഏത് സാഹചര്യവും നേരിടാനുമുള്ള മനക്കരുത്ത് താരങ്ങൾക്ക് പകർന്നുനൽകണം. ഇക്കാര്യത്തിലാണ് നാം പിന്നിൽ നിൽക്കുന്നത്. ഇവിടെയാണ് കായിക സർവ്വകലാശാലയുടെ പ്രസക്തി. കായികരംഗത്ത് ബിരുദം മാത്രം പോരാ. നമ്മൾ കുറച്ച് ബിരുദക്കാരെ സൃഷ്ടിച്ചിട്ടുണ്ട്, അതുമാത്രം പോരാ. കായികരംഗത്ത് ആഴത്തിലുള്ള ഗവേഷണവും പരിശീലനവും നിർവ്വഹണവും സ്റ്റാറ്റിസ്റ്റിക്സും വേണം. വിഭവങ്ങൾ തുടങ്ങിയ മേഖലകളിൽ പഠനം വേണം. രാജ്യത്തിന്റെ ഭൂപ്രകൃതി, മനുഷ്യപ്രകൃതി ഇതെല്ലാം കായികരംഗത്തിന്റെ വളർച്ചയ്ക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിനെ അടിസ്ഥാനമാക്കി താരങ്ങളെ എങ്ങനെ വളർത്തിയെടുക്കാമെന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്.

കായിക സർവ്വകലാശാലകൾ വന്നാൽ മാത്രമേ കായികരംഗത്ത് അടിമുടി മാറ്റം വരുത്തുവാനും അതുവഴി ഈ രംഗത്ത് മുന്നോട്ടുപോകുവാനും കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റിൽ മണിപ്പൂരിൽ ഒരു കായിക സർവ്വകലാശാല അനുവദിച്ചു. ഇന്ന് കായികരംഗത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. പി. ടി. ഉഷ, ഷൈനി വിൽസൺ, ബീനാ മോൾ, ബോബി അലോഷ്യസ്, ടി. സി. യോഹന്നാൻ, ജിമ്മി ജോർജ് തുടങ്ങിയ നിരവധി കായികപ്രതിഭകളെ സംഭാവന നൽകാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ചെറുപ്പക്കാരുടെ കർമ്മശേഷിയെ, അവരുടെ കായിക യൗവ്വനത്തെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഒരു സർവ്വകലാശാല അടിയന്തരമായി തുടങ്ങണം. ഗ്രാമങ്ങൾ തോറും ഒളിമ്പിക്സ് കാണുമ്പോൾ കേരളത്തിലുണ്ടാകുന്ന ആഹ്ലാദം, ഉത്സാഹത്തെയുമുപയോഗിച്ച് ചെറുപ്പക്കാരുടെ കായികശേഷിയെ യഥാരൂപത്തിലും വളർത്താൻ കഴിയുമെന്നതിനാൽ, കായികരംഗത്തെ തളർത്തുന്ന നടപടിക്ക് പരിഹാരമുണ്ടാവണമെങ്കിൽ ഉടനെ കായിക സർവ്വകലാശാല വരണം. ഇപ്പോൾ വന്നിരിക്കുന്ന കായിക താരങ്ങളെപ്പോലും അവരുടെ മിടുക്ക് കൊണ്ട് കടന്നുവന്നിരിക്കുന്നവരാണ്. അവരെയും ഈ കായിക സർവ്വകലാശാല അടിയന്തരമായി തുടങ്ങുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ ആ പ്രൊപ്പോസലിനോടു യോജിക്കുകയാണ്. അതു സൂചിപ്പിച്ചതിനേക്കാൾ ചില കാര്യങ്ങൾ കൂടിയുണ്ട്. നാഷണൽ ഗെയിംസിൽ കഴിഞ്ഞ 17 വർഷക്കാലമായി കേരളമാണ് ചാമ്പ്യന്മാരായി വരുന്നത്. ആ കുട്ടികളെ പിന്നിട് മറ്റുതലത്തിലേയ്ക്ക് ഉയർത്തി കൊണ്ടുവരുവാൻ നമുക്ക് സാധിക്കുന്നില്ല. അവർക്കാവശ്യമായ ഒരു സപ്പോർട്ട് കൊടുക്കുവാൻ കഴിയുന്നില്ല എന്ന പൊതുവിമർശനം സ്വാഭാവികമായിട്ടുണ്ട്. ആ നിരീക്ഷണമാണ് ഗവൺമെന്റിനുള്ളത്. ഇപ്പോൾ നാഷണൽ ഗെയിംസ് വരുന്ന തോടുകൂടി അനാരോഗ്യനിലവാരത്തിലുള്ള സ്റ്റേഡിയങ്ങളും അതിനേക്കാൾ ഉപരി എക്വിപ്മെന്റുമാണ് വരാൻ പോകുന്നത്. കാരണം എക്വിപ്മെന്റ് കൈകാര്യം ചെയ്യുന്നതിൽ കുട്ടികൾക്ക് പ്രാവീണ്യമുണ്ടാകണം. അതുണ്ടാകണമെങ്കിൽ എക്വിപ്മെന്റ്സ് നമുക്കുണ്ടാകണം. ഈ ഗെയിംസിനോട് അനുബന്ധമായി ഈ ജില്ലയിലുള്ള എല്ലാ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റിയും വർദ്ധിപ്പിക്കുകയാണ്. National Institute of Sports and Games (NISAG) എന്നു പറയുന്ന ഒരു ദേശീയസ്ഥാപനം ഇവിടെകൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ഒരു കായിക സർവ്വകലാ

LIBRARY ARCHIVES Kerala Legislative Assembly

ശാലയുണ്ടാക്കിയെടുക്കുന്നതിനുവേണ്ട എല്ലാവിധ ഇൻഫ്രാസ്ട്രക്ചറും അടുത്ത ജനുവരി മാസത്തോടെ പ്രിപ്പയർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ. അതിന് സാങ്കേതിക വശങ്ങൾ കൂടിയുണ്ട്. നയപരമായ തീരുമാനമെടുക്കണം. അതിനാവശ്യമായ സാമ്പത്തിക സപ്പോർട്ട് വേണം. ഇതെല്ലാം ഇതിനപ്പുറത്ത് നിൽക്കുന്ന കാര്യങ്ങളാണ്. എന്നാലും അങ്ങ് പറഞ്ഞ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. NISAG എന്ന ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം ഒരു കായിക സർവ്വകലാശാലയ്ക്കു വേണ്ടിയുള്ള ശ്രമവും തുടരുന്നതാണ്.

9. സ്റ്റേഡിയം നിർമ്മാണം

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, പട്ടാമ്പിയുടെ 50 കിലോമീറ്ററിനുള്ളിൽ ഒരു ടൂർണ്ണമെന്റ് നടത്താനോ ഇതര ഗെയിംസുകൾ നടത്താനോ ആവശ്യമായ ഒരു സ്റ്റേഡിയത്തിന്റെ അഭാവമുണ്ട്. എം.എൽ.എ.-യുടെ അസറ്റ് മെയിന്റനൻസ് ഫണ്ടിൽനിന്നും പണം മുടക്കാം. ആയിരക്കണക്കിന് കുട്ടികൾ പഠിക്കുന്ന പട്ടാമ്പി ശ്രീനീലകണ്ഠ സംസ്കൃത കോളേജ് ഗ്രൗണ്ടിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്പോർട്സ് വകുപ്പ് നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് പറഞ്ഞതുപോലെ ഇതുസംബന്ധിച്ച വിശദമായ പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിച്ചാൽ ബന്ധപ്പെട്ടയാളുകളെക്കൂടി വിളിച്ചിരുത്തി പിന്നീട് വിശദമായ ചർച്ച നടത്താം. അങ്ങയുടെകൂടി അഭിപ്രായം ഗവൺമെന്റ് ആരായും. അതിനുശേഷം മറ്റ് നടപടികളിലേയ്ക്ക് പോകുന്നതാണ്.

10. വീട്ടുനമ്പർ നൽകൽ

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, ഇടുക്കി ജില്ലയിൽ വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ ഇന്ന് പഞ്ചായത്തിൽനിന്ന് വീട്ടുനമ്പർപോലും നൽകാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അഥവാ നമ്പർ നൽകുന്നുവെങ്കിൽ അത് unauthorized number ആണ്. വാർഡ് പുനഃക്രമീകരിച്ചപ്പോൾ പഴയ കെട്ടിട നമ്പറുണ്ടായിരുന്നതിനു മാത്രമാണ് പുതിയ നമ്പർ നൽകിയിട്ടുള്ളത്. പഴയ കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചാലും പഞ്ചായത്തിൽ നമ്പരിട്ട് കൊടുക്കുന്നില്ല. വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിയിൽ പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ കുടുംബനാഥൻ

LIBRARY ARCHIVES Kerala Legislative Assembly